# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 81** **28.11.2018 ലെ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ദുരിതാശ്വാസ സഹായങ്ങൾ**

| ചോദ്യം<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടാമ്പി മണ്ഡലത്തിൽ എത്രപേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ; | (എ) മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. |
| (ബി) സ്വകാര്യ ആശുപത്രിയിൽ നിന്നുമുള്ള ചികിത്സയ്ക്ക് ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;<br>&<br>(സി) കേരളത്തിന് പുറത്തുള്ള ആശുപത്രിയിൽ ചികിത്സ തേടിയവർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) & (സി)<br>1. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്.<br>2. അപേക്ഷയോടൊപ്പം ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ കോപ്പി കൂടാതെ രോഗവിവരം വ്യക്തമായി പ്രതിപാദിക്കുന്ന 6 മാസം കാലാവധിക്കകത്തുള്ള ഒറിജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്.<br>3. ക്യാൻസർ, വൃക്ക, ഹൃദയം, കരൾ സംബന്ധമായ രോഗങ്ങൾക്കും, മറ്റ് മാരക രോഗങ്ങൾക്കും, അപകടത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചുവരുന്നു. സാധാരണ രോഗങ്ങളായ പനി, ചുമ, തലവേദന, പ്രമേഹം, രക്ത സമ്മർദ്ദം തുടങ്ങിയ രോഗങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതല്ല. പുറത്തുള്ള ആശുപത്രിയിൽ ചികിത്സതേടുന്നവർക്കും ഇതേ മാനദണ്ഡപ്രകാരം ദുരിതാശ്വാസത്തിന് അർഹതയുണ്ട്. |

T. [signature]

സെക്ഷൻ ഓഫീസർ.